
കാഴ്ചപ്പാട്

വിജു വി നായർ

# ചരിത്രത്തിന്റെ ജിന്ന്

**ജിന്ന പോയി, മോരിലെ പുളിയും പോയി. പക്ഷേ ചരിത്രം ഈ രണ്ട് ദേശങ്ങളെ ഇടക്കിടെ സന്ദർശിച്ചിട്ട് ജിന്നിന്റെ ചിരി സമ്മാനിക്കുന്നു. കാരണം, വിഭജനം എന്ന ഭൂതഘട്ടത്തിന്റെ ചരിത്ര യാഥാർഥ്യത്തെ ഇന്നും വസ്തുനിഷ്ഠമായി സമീപിച്ചു പരിഹരിക്കാൻ ഇരു കൂട്ടർക്കും കഴിയുന്നില്ല. അല്ലെങ്കിൽ പിന്നെ ടൺകണക്കിന് എഴുതിയും പറഞ്ഞും പഴിച്ചും പടമെടുത്തും പടവെട്ടിയും പഴകിയ 'വിഭജന'ത്തിന്മേൽ ചരിത്രഗവേഷകനൊന്നുമല്ലാത്ത ജസ്വന്തും ഒരു പുസ്തകമെഴുതിക്കളയുമോ, സംഗതിയുടെ 62-ാം പിറന്നാളിന്?**



■ ജിന്നയും ഗാന്ധിജിയും

**ജിന്നിന്റെ** കളിയാണോന്നറിയില്ല, മുഹമ്മദലി ജിന്നയും അദ്ദേഹത്തെപ്പറ്റി പുസ്തകമെഴുതി ആപ്പിലായ ജസ്വന്ത് സിംഗും തമ്മിലൊരു രസികൻ സാമ്യമുണ്ട്. ദീർഘകാലം പ്രവർത്തിച്ചുപോന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ കാതലിനോട് കയറിയുരസി പുറത്തേക്കുള്ള വഴി സംഘടിപ്പിച്ചവരാണ് രണ്ടാളും. ആ വഴികളുടെ ദിശ വ്യത്യസ്തമാണെന്നു മാത്രം.

ബി.ജെ.പിയുടെ വർഗീയ രാഷ്ട്രീയത്തിൽനിന്ന് താരതമ്യേന മതനിരപേക്ഷമായൊരു ചരിത്രബോധത്തിലേക്കാണ് (പുറമേക്കെങ്കിലും) ജസ്വന്ത് പരിണമിക്കുന്നതെങ്കിൽ, ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സിന്റെ വ്യാജ സെൻട്രിസത്തോടുരസി നേരെ വർഗീയ രാഷ്ട്രീയത്തിലേക്കാണ് ജിന്ന നീങ്ങിയത്. പടിഞ്ഞാറൻ ആധുനികതയുടെ ജനിതകവിത്തായ ലിബറലിസത്തിന്റെ ഹൃദയരാശിയുള്ള രണ്ടു പേരെ സംബന്ധിച്ച് ഈ പരിണതി പ്രകൃതിപരമായിരുന്നോ എന്നതു വേറെ കാര്യം. സ്വന്തം മൗലിക പ്രകൃതത്തെ രാഷ്ട്രീയത്തിനു വേണ്ടി മാറ്റിവെ

ക്കേണ്ടിവന്നവരാണ് രണ്ടാളും എന്നു പറയാൻ കഴിയും. ഫ്യൂഡൽ രാജരക്തവും സൈനികശീലവുമുള്ള ജസ്വന്ത്, ഒരു വലതുപക്ഷ കക്ഷിയിലെ 'ലിബറൽ നെഗോഷ്യേറ്റർ' റോളിലൂടെ അധികാരരാഷ്ട്രീയത്തിൽ ഇടമുണ്ടാക്കി. സെക്യുലരിസ്റ്റായ സമർഥൻ വക്കീലായിരുന്ന ജിന്ന, ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ഏകപക്ഷീയ ബുൾഡോസിംഗിൽനിന്ന് മതാടിസ്ഥാനത്തിൽ സ്വയംനിർണയാവകാശം സാധിച്ചെടുത്ത് ഒരു പുതു രാഷ്ട്രത്തിന്റെ സ്ഥാപകനായി.

സാമ്യങ്ങൾ അവിടെ തീരുന്നു. ജിന്ന ചരിത്ര പുരുഷന്മാരുടെ ഗണത്തിൽ പെടും. ജസ്വന്ത്, അതിലൊരാളെ പഠിക്കാൻ ശ്രമിച്ച രാഷ്ട്രീയക്കാരുടെ ഗണത്തിലും. എങ്കിലും ജസ്വന്തിന്റെ ഈ ശ്രമത്തിൽ ചരിത്രത്തിന്റെ വലിയൊരു ചിരി പതിയിരിപ്പുണ്ട്. രണ്ട് രാഷ്ട്രങ്ങൾക്കു നേരെയുള്ള കുഞ്ചൻചിരി. കാരണം, ഇന്ത്യയിൽ ജിന്ന വില്ലനാണ്; പാകിസ്താനിൽ മഹാനായ രാഷ്ട്രപിതാവും. ജിന്ന മൂലം ഒരേക ദേശീയത വെട്ടിമുറിക്കപ്പെട്ടെന്നു പഴിപറയുന്ന ഇന്ത്യൻ രാഷ്ട്രീയക്കാർക്ക് ഈ മനുഷ്യൻ, സ്വന്തം വില്ലനിമറക്കാനുള്ള സൗകര്യപ്രദമായ ഉപാധിയാണ്. പാകിസ്താനികളാകട്ടെ, സ്വന്തം രാഷ്ട്രമുണ്ടായി ആറു പതിറ്റാണ്ട് കഴിഞ്ഞിട്ടും അതിനൊരു സ്വകീയ ഐഡന്റിറ്റിയുണ്ടാക്കുന്നതിലുള്ള പിടിപ്പുകേടു മറയ്ക്കാൻ രാഷ്ട്രപിതാവിന്റെ മിത്തിട്ടു കളിക്കുന്നു, ജിന്ന ആഹ്വാനം ചെയ്ത യാഥാർഥ്യങ്ങൾ ഭംഗിയായി കാറ്റിൽ പറത്തിക്കൊണ്ട്.

ജിന്ന പോയി, മോരിലെ പുളിയും പോയി. പക്ഷേ ചരിത്രം ഈ രണ്ട് ദേശങ്ങളെ ഇടക്കിടെ സന്ദർശിച്ചിട്ട് ജിന്നിന്റെ ചിരി സമ്മാനിക്കുന്നു. കാരണം, വിഭജനം എന്ന ഭൂതഘട്ടത്തിന്റെ ചരിത്ര യാഥാർഥ്യത്തെ ഇന്നും വസ്തുനിഷ്ഠമായി സമീപിച്ചു പരിഹരിക്കാൻ ഇരു കൂട്ടർക്കും കഴിയുന്നില്ല. അല്ലെങ്കിൽ പിന്നെ ടൺകണക്കിന് എഴുതിയും പറഞ്ഞും പഴിച്ചും പടമെടുത്തും പടവെട്ടിയും പഴകിയ 'വിഭജന'ത്തിന്മേൽ ചരിത്ര ഗവേഷകനൊന്നുമല്ലാത്ത ജസ്വന്തും ഒരു പുസ്തകമെഴുതിക്കളയുമോ, സംഗതിയുടെ 62-ാം പിറന്നാളിന്? അതും, ഈ ഒരച്ചുതണ്ടിൽ സാങ്കേതിക ദേശീയത എന്ന ഏകമാത്ര അജണ്ട പുലർത്തുന്ന സ്വന്തം പാർട്ടിയെ വെട്ടിലാക്കിക്കൊണ്ട്? ജസ്വന്തിനെ പുറത്താക്കിക്കൊണ്ട് പാർട്ടി പ്രശ്നം പരിഹരിക്കുകയല്ല, ഈ ചരിത്ര യാഥാർഥ്യത്തെ കൂടുതൽ പ്രശ്നഭരിതമായി നിലനിർത്തുകയാണെന്നതാണ് രസകരം.

ഒന്നാമത്, ജിന്നയുടെ പുനർവായന നിർവഹിക്കുക വഴി ഈ ബി.ജെ.പി പ്രമുഖൻ ഇന്ത്യയിലെ പ്രധാനപ്പെട്ട രണ്ട് രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഇട്ടുകൊടുത്തിരിക്കുന്നത് രാജകീയമായ അലോസരതയാണ്. ബി.ജെ.പിക്കും അതിന്റെ പ്രത്യയശാസ്ത്ര കാതലായ ആർ.എസ്.എസ്സിനും ജിന്ന പോലെ ചതുർഥിയാണ് ജവഹർലാലും. തന്റെ പുസ്തകത്തിൽ ജവഹർലാലിനെ പ്രതിയാക്കി, ജിന്നയുടെ ആപേക്ഷിക നിരപരാധിത്വം സമർഥിക്കുകയാണ് ജസ്വന്ത് ചെയ്തിരിക്കുന്നത്. ജിന്നയെ അവ്വിധം മോചിപ്പിച്ചത് തെറ്റാണെന്ന് പറഞ്ഞ് ഗ്രന്ഥകാരനെ ശിക്ഷിക്കുമ്പോൾ ജവഹർലാലിനെ ഭംഗ്യന്തരേണ ന്യായീകരിക്കുകയാണ് ആർ.എസ്.എസ്. ജിന്നയെ മോചിപ്പിക്കുന്നത് അവരെ സംബന്ധിച്ചേടത്തോളം രാഷ്ട്രീയമായി ആത്മഹത്യാപരമാണ്. കാരണം ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ അടിസ്ഥാനം തന്നെ സാംസ്കാരികമായ ഒരപരത്വത്തോടുള്ള (സാങ്കൽപികമോ യാഥാർഥ്യമോ ആയ) മത്സരത്തിലാണ്. ആ പ്രതിയോഗിസ്ഥാനത്ത് മുസ്‌ലിംകളെ പ്രതിഷ്ഠിച്ചുള്ള കളിക്ക് ആഭ്യന്തരമായ യുക്തിയും ഉയിരും കിട്ടാൻ പറ്റിയ ഉപാധിയാണ് പാകിസ്താനും അതിന്റെ ശിൽപിയും. ജവഹർലാലിനോടുള്ള എതിർപ്പ് വരുന്നത് തികച്ചും ആഭ്യന്തരമായ രാഷ്ട്രീയ കാരണത്താലാണ്. സംഘ്പരിവാരത്തിന്റെ തീവ്ര ഹിന്ദുത്വത്തിന് മൃദുഹിന്ദുത്വത്തോടുള്ള പ്രീണനനയങ്ങളിൽ പരിച പിടിക്കുന്ന പ്രസ്ഥാനമാണ് കോൺഗ്രസ്.

ബി.ജെ.പിയുടെ ഈ ചിന്താവൈക്ലബ്യം മുതലാക്കാൻ പറ്റിയ പരുവത്തിലല്ല കോൺഗ്രസ്സും. ജിന്നയെ കുറ്റമുക്തനാക്കുന്നതോടെ വിഭജനത്തിൽ ജവഹർലാലിന്റെ പ്രതിസ്ഥാനത്തിന് ആധികാരികത കൈവരും. മാത്രമല്ല, ഇന്ത്യൻ മുസ്‌ലിംകൾക്കു വേണ്ടി ജിന്ന ഉയർത്തിയ രാഷ്ട്രീയാവശ്യങ്ങൾ നിരാകരിച്ചത് കോൺഗ്രസ്സാണെന്നു സമ്മതിക്കുന്നതിനു തുല്യവുമാവും. അത്, വർത്തമാന രാഷ്ട്രീയത്തിനും ഭാവിക്കും ഒട്ടും പന്തിയല്ല.

ജസ്വന്ത് ധിഷണാശാലിയായ എഴുത്തുകാരനൊന്നുമല്ല. എന്നാൽ ഈ പ്രമേയത്തിൽ അദ്ദേഹം നടത്തിയിരിക്കുന്ന വസ്തുതകളുടെ കൂട്ടിപ്പിന്നൽ കൗശലപൂർവമാണ്; ഇന്നോളം ഒരു രാഷ്ട്രീയക്കാരനും ഇന്ത്യയിലോ പാകിസ്താനിലോ കഴിയാത്തത്. വിഭജനത്തിലെ വ്യക്തിഗത വസ്തുതകൾ തുറന്നെഴുതിയ ഏക രാഷ്ട്രീയക്കാരൻ അബുൽ കലാം ആസാദായിരുന്നു (India Wins Freedom). അതിൽ അദ്ദേഹം ജവഹർലാലിനെയും ജിന്നയെയും ഒരുപോലെ പൂശിയിട്ടുണ്ട്. ഗാന്ധിയുടെ കാര്യത്തിൽ ഒരുതരം ഗാന്ധിയൻ വേദന നടിക്കുകയും ചെയ്തു. ഗാന്ധിയെപ്പോലെ ഇത്ര സർവസ്വീകാര്യനായ ശക്തിരൂപം എന്തുകൊണ്ട് ആ നിർണായകഘട്ടത്തിൽ പരാജയപ്പെട്ടെന്ന് അപഗ്രഥിക്കാൻ ആസാദിന്റെ ഗാന്ധിഭക്തി തടസ്സമായിരിക്കാം. ആസാദിന്റെ നേരറിവും അടുത്തറിവുമില്ലാത്ത ജസ്വന്തും ഫലത്തിൽ ചെയ്തിരിക്കുന്നത്, ഇന്ത്യയിലെ രണ്ട് മുഖ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും ഒരേ പ്രത്യയശാസ്ത്ര തട്ടകത്തിലാക്കുക എന്നതാണ്. സൂക്ഷ്മ വൈദഗ്ധ്യമുള്ള ശസ്ത്രക്രിയ വേണ്ടിവരും ഈ കെണിയിൽനിന്ന് രണ്ട് കക്ഷികൾക്കും തലയൂരാൻ. അതിനു പാങ്ങുള്ള ഒരു തലയും രണ്ടിടത്തും ഇപ്പോഴില്ലെന്നതാണ് വസ്തുത. അതുകൊണ്ട് 'പട്ടേലിനെ അവഹേളിച്ചു' എന്ന അടവുനയം വഴി ഗ്രന്ഥകാരനെ പുറത്താക്കിക്കൊണ്ട് ബി.ജെ.പിയും, 'ഇതൊക്കെ ബി.ജെ.പിയുടെ ആഭ്യന്തര വിഴുപ്പലക്കലിന്റെ ഭാഗം' എന്ന പുകമറ കൊണ്ട് കോൺഗ്രസ്സും പ്രശ്നം പൂഴ്ത്തിവെക്കുന്നു. ചരിത്രം ചിരി തുടരുന്നു.

ഒരു നിമിഷം നമുക്ക് ഈ കളിയുടെ കേന്ദ്രമായ ദില്ലിയിലേക്ക് ചെല്ലാം. ഏതു റമദാൻ മാസത്തിലും പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ ഇഫ്ത്വാർ സർക്കസുകളുടെ ഒരു പതിവുണ്ട്. 60 കൊല്ലമായി മുറ തെറ്റിക്കാത്ത ഈ നാടകത്തിന് ഒരു പ്രോട്ടോകോൾ പദവി തന്നെ കൈവന്നിരിക്കുന്നു. വ്യത്യസ്ത മുസ്‌ലിം സംഘടനകളിൽനിന്ന് നോമ്പു മുറിക്കാൻ നേതാക്കൾ തൊട്ട് മുല്ല, മുക്രികൾ വരെ ക്ഷണിതാക്കളായെത്തുന്നു. മന്ത്രിമാർ, രാഷ്ട്രീയ മൂപ്പന്മാർ, അധികാര ദല്ലാൾമാർ, എം.പിമാർ തുടങ്ങി ഇന്ദ്രപ്രസ്ഥത്തിലെ ശക്തിരൂപങ്ങളുമായി തോൾ ചേർന്ന് നൊയമ്പ് മുറിക്കാൻ ഒരു മഹാവസരം. സത്യത്തിൽ ഇതൊരു നൊയമ്പ് മുറിക്കൽ തന്നെയാണ്; അധികാര രാഷ്ട്രീയത്തിന്റെ ശരിയായ തട്ടകങ്ങളിൽനിന്ന് അകറ്റിനിർത്തപ്പെടുന്നവർക്ക് ആണ്ടിലൊരിക്കൽ ആ നോമ്പിൽ നിന്നൊരു തുറ! രാജ്യത്തെ 13 ശതമാനം വരുന്ന മുസ്‌ലിം വോട്ടിന്റെ പേരിലുള്ള അധികാരക്കളിയിൽ ജീവിതം സുരഭിലമാക്കുന്നതാരൊക്കെയോ അവരെല്ലാം ഈ റമദാൻ മെനുവിൽ കൂടുന്നു. 15 കോടി മുസ്‌ലിംകളുടെ പേരിലുള്ള ഈ ഇഫ്ത്വാർ സർക്കസ് ഒരു

പ്രതീകമാണ്.

ഇവിടെയാണ് 'വിഭജന'ത്തെ വീണ്ടും നിശിതമായി പരിശോധിക്കേണ്ടത്. ജിന്ന ആദ്യം പറഞ്ഞ പ്രകാരമാണ് കാര്യങ്ങൾ നീങ്ങിയിരുന്നതെങ്കിൽ ഇപ്പറഞ്ഞ സർക്കസ് വേണ്ടിവരുമായിരുന്നോ? അതായത്, ഇന്ത്യൻ യൂനിയനു വേണ്ടത് ഫെഡറലിസ്റ്റ് യൂനിയനാണ്, കേന്ദ്ര ഭരണ സംവിധാനമല്ലെന്ന്. ഭരണകൂടത്തിന്മേൽ അധികാരമെല്ലാം കേന്ദ്രീകരിക്കുന്ന സംവിധാനത്തിനു വേണ്ടിയാണ് കോൺഗ്രസ് അന്നു മർക്കട മുഷ്ടി പിടിച്ചതും ഗാന്ധിയെ കൂടി നിരാകരിച്ചുകൊണ്ട് വിജയിച്ചതും. മതേതരത്വം ഉറപ്പിക്കാനെന്ന മട്ടിലുള്ള രാഷ്ട്രീയ ഗിമ്മിക്കുകൾ അങ്കുരിക്കുന്നത് ആ ബിന്ദുവിൽനിന്നാണ്. കാരണം, ഫെഡറലിസ്റ്റ് സംവിധാനമായിരുന്നു ഇന്ത്യ വരിച്ചിരുന്നതെങ്കിൽ ഇന്ത്യക്കാർക്ക് ബോധപൂർവം മതസഹിഷ്ണുത നടിക്കേണ്ട ഗതികേടുണ്ടാവുമായിരുന്നില്ല. പ്രധാനമന്ത്രിമാർ പ്രദർശന സർക്കസ് നടത്തിയിട്ട് വേണോ നാട്ടുകാർ പിന്തിഭോജനം ചെയ്യാൻ? മനുഷ്യർക്കു സ്വയം തോന്നി ഒന്നിച്ചിരുന്നുണ്ണാം. അതൊരു 'സംഭവ'മായി കാണേണ്ട കാര്യമേയില്ലാത്ത സാധാരണ സംസ്കാരമായേനേ. കോളനിഭരണത്തിൽനിന്ന് സ്വാതന്ത്ര്യം കിട്ടി ആറു പതിറ്റാണ്ട് കഴിഞ്ഞ് സച്ചാർ കമ്മിറ്റി എന്നൊരു ചരക്കിന്റെ ആവശ്യമേ ഉണ്ടാകുമായിരുന്നില്ല. എന്തുകൊണ്ട് ഇന്ത്യൻ മുസ്ലിംകൾ സാമൂഹിക, സാമ്പത്തിക പിന്നാക്കക്കാരായി ഇന്നും കിടക്കുന്നു? സച്ചാർ വൈദ്യര് ചില പരിഹാര ക്രിയകൾ പറഞ്ഞു. അതു കേട്ടാൽ ഓർമവരിക, പണ്ട് ഭൂട്ടാനിലെ ജയിൽ സന്ദർശിച്ച അന്താരാഷ്ട്ര റെഡ്ക്രോസ് സംഘം നൽകിയ ശിപാർശയാണ്. ഹിമാലയത്തണുപ്പിൽ മൂടിനിൽക്കുന്ന ഭൂട്ടാൻ ജയിലിലെ പുള്ളികൾക്കെല്ലാം നിത്യവും ഒരു നേരം ചൂടുവെള്ളത്തിൽ കുളി. ശിപാർശ കേട്ട ജയിൽ വാർഡൻ ഞെട്ടി! അയാൾക്കുപോലും ഈ കുളിക്കു സൗകര്യമുള്ളത് മാസത്തിൽ രണ്ടു തവണ മാത്രം! ലളിതമായി പറഞ്ഞാൽ, ഏതൊരു ആശങ്കയുടെ പേരിലാണോ ജിന്ന ഒടുവിൽ ഗതികെട്ട് വിഭജനം ആവശ്യപ്പെട്ടത്, അതേ ആശങ്ക ഇന്ന് യാഥാർഥ്യമായിരിക്കുന്നു. അതിന്റെ ലാക്ഷണിക പ്രതീകമാണ് പ്രധാനമന്ത്രിയുടെ ഇഫ്താർ സർക്കസ്. രാഷ്ട്രീയാധികാരം ഏതെങ്കിലും സമുദായത്തിന് തലയെണ്ണം കൊണ്ട് മറ്റൊരു സമുദായത്തിന്മേലുള്ള മേൽക്കൈ അനുസരിച്ചാവരുതെന്ന് ഫെഡറലിസ്റ്റുകളായ ജിന്നയും ഗാന്ധിയും പറഞ്ഞു. കേന്ദ്രീകൃത



■ അബുൽ കലാം ആസാദ് ■ ജവഹർലാൽ നെഹ്റു ■ സർദാർ വല്ലഭായി പട്ടേൽ

**ഗാന്ധിസപ്പേടികൾ ജിന്നയെ പത്തു കൊല്ലം രാഷ്ട്രീയ വനവാസത്തിൽ വരെയാക്കി. പിന്നീട് തിരിച്ചുവന്ന ജിന്നയാണ് തന്ത്രം മാറ്റിയത്; ഫെഡറലിസവും ഒടുവിൽ മതവാദവും പുറത്തെടുത്തത്. സത്യത്തിൽ ജവഹർലാൽ പ്രഭൃതികളുടെ രാഷ്ട്രീയ തന്ത്രത്തിന് അനുരൂപമായ തന്ത്രത്തിലേക്ക് ജിന്നയെന്ന മുൻ മതനിരപേക്ഷ ലിബറൽ പരിണമിച്ചെത്തുകയാണുണ്ടായത്.**

സ്റ്റേറ്റ് എന്ന ആധുനിക ശക്തിരൂപത്തെ പ്രണയിച്ച ജവഹർലാലും കൂട്ടരും അത് നിരാകരിച്ചു. പടിഞ്ഞാറൻ ആധുനികതയുടെ വിത്തായ സ്റ്റേറ്റിസമാണ് 'ഭാരത ശിൽപി' കണ്ട ഭാരത ശൈലി. അത് സാധ്യമായിക്കിട്ടാൻ അതുവരെ അകന്നുനിന്നിരുന്ന പട്ടേലിനെ കൂട്ടുപിടിച്ചു. അതോടെ ജിന്നയുടെ ആശങ്കകൾ ഇരട്ടിച്ചു. കാരണം 1946-ലെ തെരഞ്ഞെടുപ്പിലെ അനുഭവം. അത്തവണ എല്ലാ മുസ്ലിം സീറ്റുകളും നേടിയിട്ടും ലീഗിന് ഭരണത്തിലിരിക്കാൻ വേണ്ട അംഗബലമുണ്ടായില്ല. ഒരൊറ്റ മുസ്ലിം വിജയി ഇല്ലാതിരുന്നിട്ടും കോൺഗ്രസിന് സർക്കാറുണ്ടാക്കാനുള്ള ഭൂരിപക്ഷമുണ്ടുതാനും. അതുകൊണ്ട് വെറുതെ പൊതുതെരഞ്ഞെടുപ്പിൽ മത്സരിച്ചതുകൊണ്ട് കാര്യമില്ലെന്നും സ്വന്തം സാമൂഹിക, സാമ്പത്തിക വിധി നിർണയിക്കുന്നതിൽ ഇന്ത്യൻ മുസ്ലിംകൾക്ക് ഒരുതരം സ്വയംനിർണയാവകാശം ഉണ്ടായിരിക്കണമെന്നും ജിന്നക്കു ബോധ്യമായി. ഈ നേരനുഭവവും തുടർന്നുള്ള ജവഹർലാൽ കമ്പനിയുടെ കടുംപിടുത്തവുമാണ് അതുവരെ ഫെഡറൽ സംവിധാനത്തിന് വാദിച്ചുപോന്ന ജിന്നയെ പൊടുന്നനെ പാകിസ്താൻ എന്ന ആശയത്തിലേക്ക് തള്ളിവിട്ടത്. സത്യത്തിൽ പാക് വാദം ജിന്നയുടേതല്ലെന്ന് എല്ലാവർക്കുമറിയാം. ജിന്ന അതെടുത്തത് സ്വാതന്ത്ര്യം കിട്ടുമെന്നു വന്ന നിർണായക സന്ധിയിൽ ഒരവസാന തന്ത്രമെന്ന നിലക്കാണ്. ലീഗിന് ചില പ്രവിശ്യകൾ വേണ്ടിയിരുന്നു, കേന്ദ്ര മന്ത്രിസഭയിൽ ഒരു നിശ്ചിത ശതമാനം സീറ്റുകളും. അതനുവദിച്ചിരുന്നെങ്കിൽ വിഭജനം എന്നൊന്നുണ്ടാവുമായിരുന്നില്ല. ജവഹർലാൽ—പട്ടേൽ അച്ചുതണ്ടിന്റെ കൈകളിലകപ്പെട്ടു കഴിഞ്ഞിരുന്ന കോൺഗ്രസിനോട് അവസാനതന്ത്രമെന്ന നിലക്കാണ് ജിന്ന പാകിസ്താൻ വാദം ഉന്നയിച്ചതെന്നു വ്യക്തം. അപ്പോഴും അച്ചുതണ്ട് വഴങ്ങിയില്ല. ബ്രിട്ടീഷ് സർക്കാറിന്റെ താൽപര്യവും തലോടലും കൂടി ജവഹർലാലിന്റെ ഈ നിലപാടിനെ ദൃഢപ്പെടുത്തി എന്നതു മറ്റൊരു വശം. ഈ കീറാമുട്ടിക്ക് ഗാന്ധി നൽകിയ പ്രശസ്തമായ പരിഹാരവും- ജിന്നയെ പ്രധാനമന്ത്രിയാക്കുക- നിസ്സാരമായിതള്ളി. 1942നു ശേഷം കോൺഗ്രസ്സിനുള്ളിൽ ഗാന്ധി ക്രമാനുഗതമായി അന്യവത്കരിക്കപ്പെടുകയായിരുന്നു എന്നത് ഇതോടു ചേർത്തുവായിക്കേണ്ട ആന്തരിക യാഥാർഥ്യമാണ്. രണ്ടാം ലോകയുദ്ധം തീരുന്നതോടെ ബ്രിട്ടീഷുകാർ ഇന്ത്യ വിടുമെന്ന് നേരത്തേ ഉറപ്പായിരുന്നതാണ്. പിന്നെയുള്ളത് സ്വതന്ത്ര ഇന്ത്യയുടെ രാഷ്ട്രീയ ഭരണ സംവിധാനത്തിന്റെ രൂപവത്കരണമാണ്. ജവഹർലാലും കൂട്ടരും കേന്ദ്രീകൃത സ്റ്റേറ്റ് എന്ന രൂപം നിശ്ചയിച്ചുകഴിഞ്ഞിരുന്നു. ആ ബുൾഡോസിംഗിന് ഗാന്ധി ഏതിരാണ്. 1902-ൽ തന്നെ സ്വരാജ് സംബന്ധിച്ച നിലപാടിലൂടെ ഗാന്ധി നയം വ്യക്തമാക്കിയിരുന്നു- പടിഞ്ഞാ

റൻ ആധുനികതക്കെതിരായ നയം. സ്വാഭാവികമായും കാര്യത്തോടടുത്തപ്പോൾ 'വയസൻ' ശകുനപ്പിഴയാകുമെന്ന് കണക്കുകൂട്ടി. വിഭജനകാലത്ത് ഗാന്ധി പുറമേക്ക് മഹാ രൂപിയും പാർട്ടിക്കുള്ളിൽ കേവലമൊരു നിഴൽരൂപവും മാത്രമായ ചരിത്രം വേറെതന്നെ വിശദീകരിക്കേണ്ടതാണ്.

ഈ ഗാന്ധിപ്പേടി ജിന്നക്കുമുണ്ടായിരുന്നു എന്നതാണ് മറ്റൊരു വസ്തുത. പ്രശ്നം ജനകീയ രാഷ്ട്രീയത്തിന്റെ പേരിലുള്ളതാണ്. ഒന്നാമത്, ജിന്ന ജനങ്ങൾക്കിടയിൽ പ്രവർത്തിച്ച് അവരുടെ ആന്ദോളനത്തിൽ പെടാൻ ഒട്ടും ഇഷ്ടപ്പെട്ട വ്യക്തിയല്ല. പടിഞ്ഞാറൻ ലിബറൽ മൂല്യങ്ങളുള്ള പരിഷ്കാരിയായ മനുഷ്യൻ. മതത്തെ രാഷ്ട്രീയവുമായി കലർത്തുന്നതിൽ കടുത്ത എതിര്. യുക്തിക്ക് പരമ പ്രാധാന്യം നൽകുന്ന ന്യായവാദി. പാർലമെന്റേറിയൻ മനസ്സിന്റെ ഉടമ. ജനങ്ങളെ ഇളക്കുകയല്ല, അവരുടെ പ്രതിനിധികൾ തമ്മിലുള്ള പാർലമെന്ററി സംവാദങ്ങളിലൂടെ രാഷ്ട്രത്തെ നയിക്കണമെന്നതാണ് പ്രാഥമിക നിലപാട്. മതത്തിന് രാഷ്ട്രീയത്തിൽ പ്രസക്തിയേയില്ലെന്നതാണ് രണ്ടാം നിലപാട്. ഗാന്ധി ഇപ്പറഞ്ഞതിന്റെയെല്ലാം നേർവിപരീതം. അദ്ദേഹം ഗ്രാമമായ ഗ്രാമമെല്ലാം നടന്നു ജനങ്ങളെ ഇളക്കിയപ്പോൾ ജിന്നയുടെ ഷൂസിൽ ഒരു മൺതരി പുരണ്ടിട്ടില്ല. പാർലമെന്റല്ല, ഗ്രാമമാണ് ജനവിധി നിശ്ചയിക്കേണ്ടതെന്ന ഗാന്ധിയൻ നിലപാട് ജിന്നക്ക് അയുക്തികമായി തോന്നിയതിൽ ഒട്ടും അതിശയമില്ല. ഒടുവിൽ ഗാന്ധിസപ്പേടികൾ ജിന്നയെ പത്തു കൊല്ലം രാഷ്ട്രീയ വനവാസത്തിൽ വരെയാക്കി. പിന്നീട് തിരിച്ചുവന്ന ജിന്നയാണ് തന്ത്രം മാറ്റിയത്; ഫെഡറലിസവും ഒടുവിൽ മതവാദവും പുറത്തെടുത്തത്. സത്യത്തിൽ ജവഹർലാൽ പ്രഭൃതികളുടെ രാഷ്ട്രീയ തന്ത്രത്തിന് അനുരൂപമായ തന്ത്രത്തിലേക്ക് ജിന്നയെന്ന മുൻ മതനിരപേക്ഷ ലിബറൽ പരിണമിച്ചെത്തുകയാണുണ്ടായത്. അരവും അരവും ചേർന്നപ്പോൾ വിഭജനം എന്ന കിന്നരമായി.

അനന്തരഗാമികൾ ഇവിടെ ശ്രദ്ധിക്കേണ്ടത് ഈ രണ്ട് രാഷ്ട്രീയ പക്ഷങ്ങളും പരാജയങ്ങളാണെന്ന അനുഭവ യാഥാർഥ്യമാണ്. ജവഹർലാലിന്റെ ലെഗസി ഇന്ത്യക്ക് തന്നത് ശക്തിയുള്ള സ്റ്റേറ്റും ദുർബല ജനതയുമെന്ന വിലയാണ്. അതിൽ ഹിന്ദു-മുസ്‌ലിം വിടവ് പ്രകടമായി. ജിന്നയുണ്ടാക്കിയ പാകിസ്താനാകട്ടെ ഇന്നോളം നിയതാർഥത്തിലുള്ളൊരു രാഷ്ട്രമായിട്ടില്ല. പട്ടാളവും സൂപ്പർ പവറുകളും അമ്മാനമാടുന്ന ദരിദ്ര ദേശവും ദരിദ്ര ജനതയുമാണത്. ഇരു രാഷ്ട്രങ്ങളായാൽ പ്രശ്നങ്ങൾ തീരുമെന്ന് പറഞ്ഞ് വിഭജിച്ചിട്ടെന്തായി? മൂന്നു യുദ്ധങ്ങൾ, നിത്യ ശത്രുത, കശ്മീർ, കണ്ണീർ...

**ബി.ജെ.പിയുടെ ചിന്താവൈക്ലബ്യം മുതലാക്കാൻ പറ്റിയ പരുവത്തിലല്ല കോൺഗ്രസ്സും. ജിന്നയെ കുറ്റമുക്തനാക്കുന്നതോടെ വിഭജനത്തിൽ ജവഹർലാലിന്റെ പ്രതിസ്ഥാനത്തിന് ആധികാരികത കൈവരും. മാത്രമല്ല, ഇന്ത്യൻ മുസ്‌ലിംകൾക്കുവേണ്ടി ജിന്ന ഉയർത്തിയ രാഷ്ട്രീയാവശ്യങ്ങൾ നിരാകരിച്ചത് കോൺഗ്രസ്സാണെന്നു സമ്മതിക്കുന്നതിനു തുല്യവുമാവും. അത്, വർത്തമാന രാഷ്ട്രീയത്തിനും ഭാവിക്കും ഒട്ടും പന്തിയല്ല.**

പാകിസ്താനെ സംബന്ധിച്ച് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാണ്. സ്വാതന്ത്ര്യ സമര ചരിത്രത്തോട് ഇന്നും ആ ജനത കാതലായി പൊരുത്തപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ ജിന്നയും മറ്റും വഹിച്ച പങ്ക് അവരുടെ ചോരയിൽ പ്രവേശിച്ചിട്ടില്ല. രാഷ്ട്രമെന്ന നിലയിൽ ഐഡന്റിറ്റി പ്രശ്നം പരിഹരിക്കപ്പെടാതെ കിടക്കുന്നതിന് ഒരു കാരണവും അതുതന്നെ. ജസ്വന്തിനെപ്പോലെ ഒരു ഹിന്ദുത്വ രാഷ്ട്രീയ നേതാവ് പാകിസ്താനെ അംഗീകരിക്കുന്നതിന്റെ ചരിത്ര പ്രാധാന്യം സത്യത്തിൽ പാക്ജനതക്കാണ് കൂടുതലുള്ളത്- സ്വന്തം ഐഡന്റിറ്റി പ്രതിസന്ധി പരിഹരിക്കാനുള്ള അവസരമെന്ന നിലയിൽ. പക്ഷേ അതുൾക്കൊള്ളാനുള്ള പരുവത്തിലല്ല ആ രാജ്യം. 1947 ആഗസ്റ്റ് 11ന് കറാച്ചിയിൽ കോൺസ്റ്റിറ്റ്യുവെന്റ് അസംബ്ലിയിൽ ജിന്ന നടത്തിയ പ്രശസ്തമായ പ്രസംഗമുണ്ട്: "....You may belong to any religion or caste or creed- that has nothing to do with the business of state." ഇവിടെ നാം കാണുന്നത് വിഭജനശേഷം ജിന്നയിൽ വീണ്ടും തലയുയർത്തുന്ന പഴയ ജിന്നയെയാണ്- ലിബറൽ മൂല്യങ്ങളുള്ള പരിഷ്കാരിയായ രാഷ്ട്ര തന്ത്രജ്ഞൻ. പക്ഷേ ആ പ്രസംഗശേഷം ഇന്നോളമുള്ള പാക് അനുഭവം നോക്കുക. ഫെഡറലിസ്റ്റ് വ്യവസ്ഥ കൊതിച്ച ജിന്നയുടെ സ്വന്തം പാകിസ്താനിൽ പൗരന്മാർ തുല്യരേയല്ല- നിയമപരമായിപ്പോലും! പ്രശസ്തമായ ആഗസ്റ്റ് 11 പ്രസംഗത്തിന്റെ കൃത്യം 61-ാം പിറന്നാൾ ദിനത്തിൽ (2009 ആഗസ്റ്റ് 11) പാക് പഞ്ചാബ് പ്രവിശ്യയിലെ ഗോജ്റയിൽ ക്രിസ്ത്യൻ സമുദായത്തെ മുസ്‌ലിം തീവ്രവാദികൾ ആക്രമിക്കുന്നു. മുസ്‌ലിംകൾ മുസ്‌ലിംകളെ തന്നെ വേട്ടയാടുന്ന ചരിത്രത്തിലേക്കാണ് പാകിസ്താനിലെ പടിഞ്ഞാറൻ അതിർത്തി പ്രവിശ്യകൾ എത്തിയിരിക്കുന്നത്.

ജിന്നയുടെ താവഴിക്കഥ അവിടെ അങ്ങനെ; ജവഹർലാലിന്റെ താവഴിക്കഥ ഇവിടെ ഇങ്ങനെ! വിഭജനത്തിലെ കുറ്റവാളികൾ ആരൊക്കെ എന്ന് അധികാര രാഷ്ട്രീയ അജണ്ടയുടെ പേരിൽ പുരപ്പുറത്തുനിന്ന് വിലപിക്കുകയും വരുംതലമുറകളുടെ പാഠപുസ്തകങ്ങളിൽ വ്യാജ ചരിത്രം കുറിക്കുകയും ചെയ്യുമ്പോൾ വർത്തമാന ചരിത്രം ഇങ്ങനെ തിരുത്തപ്പെടാത്ത തെറ്റുകളുടെ ഘോഷയാത്രയായി തുടരും. ഭൂതചരിത്രം കെട്ടുകഥകളുടെ വ്യാജ പുസ്തകമായി തുടരും. അതിൽ ജിന്നിന്റെ കളിയൊന്നുമില്ല. ■